നമ്പർ. എച്ച്1-73666/12/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം - 12
തീയതി : 01/12/2012

പ്രേഷിതൻ

സെക്രട്ടറി
പരീക്ഷാഭവൻ

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ആഫീസർ

സർ,

വിഷയം:- 2012-2013 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷ, എൽ.എസ്.എസ്, യു.എസ്.എസ്, പരീക്ഷകൾ സ്ക്രീനിംഗ് ടെസ്റ്റ് തുടങ്ങിയവ നടത്തുന്നത് സംബന്ധിച്ച്.

സൂചന :-

ചുവടെ ചേർത്തിട്ടുള്ള അടിയന്തിര പ്രാധാന്യമുള്ള മൂന്ന് കാര്യങ്ങൾ എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1) പത്താംക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകങ്ങളിലെ പരീക്ഷാ പാഠഭാഗങ്ങളെ സംബന്ധിച്ച് ചില സംശയങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംശയം ദൂരീകരിക്കുന്നതിനായി ഒരു വീഡിയോ കോൺഫറൻസ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. **04/12/2012 ചൊവ്വാഴ്ച ഉച്ച കഴിഞ്ഞ് 2 മണിക്ക്** നടത്തപ്പെടുന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് താങ്കളുടെ വിദ്യാഭ്യാസ ജില്ലയിലെ സോഷ്യൻസയൻസ് വിഷയത്തിന്റെ രണ്ട് ഡി.ആർ.ജി മാരോട് ആ സമയത്ത് ജില്ലയിലെ എഡ്യൂസാറ്റ് ട്രെയിനിംഗ് സെന്ററിൽ കൃത്യസമയത്ത് ഹാജരായി കോൺഫറൻസിൽ പങ്കെടുക്കുന്നതിന് അറിയിപ്പ് നൽകേണ്ടതാണ്. ഇവരോട് പത്താംക്ലാസിലെ സോഷ്യൽ സയൻസ് പാഠപുസ്തകം കൈവശം വയ്ക്കുന്നതിന് നിർദ്ദേശിക്കേണ്ടതാണ്. താൽപര്യമുള്ള മറ്റ് സോഷ്യൽ സയൻസ് അദ്ധ്യാപകർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്.

2) ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് 'സമ്പൂർണ' വഴി സമർപ്പിച്ചിരിക്കുന്ന കുട്ടികളുടെ ലിസ്റ്റ് ഡിസംബർ 10 ന് പരീക്ഷാ ഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രിന്റ് എടുക്കുന്നതിന് മുമ്പായി എന്തെങ്കിലും തിരുത്തലുകൾ ഇനിയും ആവശ്യമുണ്ടെങ്കിൽ അത് നടത്തുന്നതെങ്ങനെയെന്ന് എസ്.ഐ.റ്റി.സി മാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും 3 ഐ.റ്റി വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പരിശീലന പരിപാടി **ഡിസംബർ 5,6,7 തീയതികളിൽ രാവിലെ 10 മുതൽ 1 മണി** വരെ ചുവടെ ചേർത്തിട്ടുള്ള സ്ഥലങ്ങളിൽ നടത്തപ്പെടുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഇതിൽ പങ്കെടുക്കേണ്ടവരെ തെരഞ്ഞെടുത്ത് പരിശീല സ്ഥലത്ത് യഥാസമയം എത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. .

3) ഈ വർഷത്തെ എൽ.എസ്.എസ്, യു.എസ്.എസ്, സ്ക്രീനിംഗ് ടെസ്റ്റ്, പരീക്ഷാർത്ഥികളുടെ രജിസ്ട്രേഷൻ ഓൺലൈൻ മുഖാന്തിരം നടത്തുന്നതിനുള്ള ഒരു സോഫ്റ്റ്‌വെയർ പരീക്ഷാ ഭവൻ തയ്യാറാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഒരു പരിശീലനം **ഡിസംബർ 5,6,7 തീയതികളിൽ ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി** വരെ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പ്രതിനിധിയായി കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു ഓഫീസ് സ്റ്റാഫ് അല്ലെങ്കിൽ ഒരു അദ്ധ്യാപകനെ നിയോഗിക്കുന്നതിനുള്ള നിർദ്ദേശം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന മൂന്ന് കാര്യങ്ങൾക്കും ചുമതലപ്പെടുത്തിയിരിക്കുന്നവർ പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കുമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

മുകളിൽ 2,3 ഇനങ്ങളായി നൽകിയിരിക്കുന്ന പരിപാടികൾ നടത്തപ്പെടുന്ന തീയതിയും സമയ ക്രമവും ഓരോ ദിവസവും പങ്കെടുക്കേണ്ട ജില്ലകളും താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | തീയതി, ദിവസം | സമയവും ഇനവും | റവന്യൂ ജില്ലകൾ | സ്ഥലം |
|---|---|---|---|---|
| 1 | 05/12/2012 ബുധൻ | 10 am to 1 pm - എസ്.എസ്.എൽ.സി ലിസ്റ്റ് കറക്ഷൻ<br>2 pm to 5 pm - എൽ.എസ്, യു.എസ്.എസ് പരീക്ഷ | തിരുവനന്തപുരം<br>കൊല്ലം<br>ആലപ്പുഴ<br>പത്തനംതിട്ട | പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 |
| 2 | 06/12/2012 വ്യാഴം | 10 am to 1 pm - എസ്.എസ്.എൽ.സി ലിസ്റ്റ് കറക്ഷൻ<br>2 pm to 5 pm - എൽ.എസ്, യു.എസ്.എസ് പരീക്ഷ | കോട്ടയം<br>ഇടുക്കി<br>എറണാകുളം<br>തൃശ്ശൂർ | എസ്.ആർ.വി.എച്ച്.എസ് എറണാകുളം |
| 3 | 07/12/2012 വെള്ളി | 10 am to 1 pm - എസ്.എസ്.എൽ.സി ലിസ്റ്റ് കറക്ഷൻ<br>2 pm to 5 pm - എൽ.എസ്, യു.എസ്.എസ് പരീക്ഷ | പാലക്കാട്<br>മലപ്പുറം<br>കോഴിക്കോട്<br>വയനാട്<br>കണ്ണൂർ<br>കാസർഗോഡ് | പ്രോവിഡന്റ് ഗേൾസ് എച്ച്.എസ്.എസ് നടക്കാവ് കോഴിക്കോട് |

- **സംശയനിവാരണത്തിന് പരീക്ഷാഭവനിലെ 0471 2546823, 9496252159, 9446492451 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.**

വിശ്വസ്തതയോടെ

**(ഒപ്പ്)**
**സെക്രട്ടറി**